ഓം ശന്തി

*എല്ലാ ആത്മീയ സഹോദരിമാർക്കും സഹോദരന്മാർക്കും*
*തിരുവനന്തപുരത്തിന്റെ ശാന്തിനിറഞ്ഞ ആശംസകൾ..*

'ലഹരിമുക്ത ഭാരതം' പദ്ധതിയുടെ സന്ദേശ പ്രചാരണ വാഹനം മൗണ്ട് ആബുവിൽ നിന്നും എത്തിച്ചേർന്നത് നാമെല്ലാം അറിഞ്ഞതാണ്. പ്രസ്തുത വാഹനത്തിന്റെ ഉത്ഘാടനം ബഹു. കേരളാ ഗവർണർ ശ്രീ. രാജേന്ദ്ര വിശ്വനാഥ അർലേകർ അവർകൾ 27.03.2025 ന് കേരളാ രാജ് ഭവനിൽ വച്ച് നിർവ്വഹിക്കുകയുണ്ടായി. നിങ്ങളേവരും അതുമായി ബന്ധപ്പെട്ട ഫോട്ടോകളും വീഡിയോകളും മറ്റും കണ്ടിട്ടുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**നിർദ്ദേശങ്ങൾ**

1. ഈ വാഹനം വിശേഷാൽ തമിഴ്നാട് സോണിന്റെ സേവനത്തിനായി സമ്മാനിക്കപ്പെട്ടിരിക്കുന്നു. ആദ്യം കേരളത്തിലാകും (എല്ലാ ജില്ലകളിലും) ഈ സേവനം നടക്കുക. പിന്നീട് വാഹനം സേവനത്തിനായി തമിഴ്നാട് സംസ്ഥാനത്തിലേയ്ക്ക് യാത്രയാകും.

2. ഈ സേവനത്തിന്റെ ചുമതലയുള്ള മൗണ്ട് ആബുവിൽ നിന്നും വന്ന രാജയോഗി ബനാറസി ഭായിജിയുടെ സങ്കൽപ്പം – ഈ സേവനം കേരളത്തിലെ എല്ലാ ജില്ലകളിലും എത്തിച്ചേരണം എന്നാണ്. കേരളത്തിലെ 14 ജില്ലകളിലും ഇത് പ്രദർശിപ്പിക്കുന്നതിനായി വാഹനത്തിലെ ചിത്രങ്ങളും, സ്ലോഗനുകളും, റെക്കോർഡ് ചെയ്ത ശബ്ദ സന്ദേസശങ്ങളും, വീഡിയോകളും മലയാളത്തിൽ തന്നെ തയാറാക്കിയിട്ടുണ്ട്.

3. ഇതിനോടൊപ്പം തന്നെ പലപ്രകാരത്തിലുള്ള സേവനങ്ങളും ചെയ്യാൻ സാധിക്കും. സ്കൂളുകളിൽ, കോളേജുകളിൽ, യൂണിവേഴ്സിറ്റികളിൽ, കളക്ടറേറ്റുകളിൽ, സാമൂഹിക കൂട്ടായ്മകളിൽ, സായഹ്ന പൊതു പരിപാടികളിൽ, എല്ലായിടത്തും അതാതു നഗരങ്ങളിൽ ഉള്ളവർക്ക് പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതാണ്.

4. വാഹനത്തിന്റെ അറ്റകുറ്റ പണികൾക്കും മറ്റുമായി അതാതു സേവാകേന്ദ്രങ്ങൾ ദിവസവും 3,000/- രൂപ സംഭാവന നൽകേണ്ടതാണ്. അത് കൂടാതെ, ദിവസവുമുള്ള വാഹനതിന്റെ ഉപയോഗത്തിനനുസരിച്ചുള്ള ഡീസലിന്റെ ചെലവും അതാത് സേവാകേന്ദ്രങ്ങൾ വഹിക്കേണ്ടതാണ്.

5. വാഹനത്തിൽ പലവിധ ഇലക്ട്രോണിക്ക് ഉപകരണങ്ങളും ഉള്ളതിനാൽ ഓൺ ആന്റ് ഓഫ് റിപ്പയർ ചെലവുകളും ഉണ്ടാകാം.

**6.** ആവശ്യത്തിനുള്ള ബാനറുകൾ: 2 എണ്ണം (മലയാളം, വലുപ്പം: 6/3 ft.) വാഹനത്തിൽ തന്നെയുണ്ട്. മറ്റുള്ള പരിപാടികൾക്കുള്ള അനൗൺസ്മെന്റും, വിതരണം ചെയ്യേണ്ട സാധാരണ ലഘുലേഖകളും അതാതു സെന്ററുകൾ തന്നെ ഏർപ്പെടുത്തണം.

**7.** വാഹനം രാവിലെ 7.00 മണിമുതൽ വൈകുന്നേരം 7.00 മണി വരെ സേവനത്തിന് തയ്യാറായിരിക്കും. വാഹനത്തിനോടൊപ്പം പോകുന്ന സേവാധാരി സഹോദരന്മാർക്ക് (നാലോ ആറോ സഹോദരന്മാർ) വിശ്രമത്തിനാവശ്യമായ സ്ഥലം ഏർപ്പെടുത്തേണ്ടതാണ്.

**8.** പരിപാടി എവിടെ സംഘടിപ്പിച്ചാലും ഷെഡ്യൂൾ 2 ദിവസം മുമ്പേ തന്നെ മാനേജർക്ക് കൈമാറേണ്ടതാണ്.

**9.** റിപ്പോർട്ടിങ്: തീയതിയും, ഫോട്ടോകളും, വീഡിയോകളും, അപ്പ്–ലോഡ് ചെയ്യുന്നത് അതാതു സേവാകേന്ദ്രങ്ങൾ സ്വന്തമായി ചെയ്യേണ്ടതാണ്.

**10.** സേവാധാരികൾക്കായി ഭക്ഷണം പാചകം ചെയ്യുമ്പോൾ ദയവായി കൂടുതൽ എണ്ണയും എരിവും ഒഴിവാക്കുക, എരിവ് കഴിവതും കുറയ്ക്കുക. പഴങ്ങളും, ഇളനീരും, നാരങ്ങാവെള്ളവും മറ്റും ഇടയ്ക്കിടയ്ക്ക് വിതരണം ചെയ്യാവുന്നതാണ്.

**11.** സേവാധാരികൾക്ക് സമ്മാനങ്ങൾ ഏർപ്പെടുത്തേണ്ട ആവശ്യമില്ല.

**12.** വാഹനത്തിലെ എല്ലാ സേവാധാരികൾക്കും വസ്ത്രങ്ങൾ നാന്നായി കഴുകുന്നതിനും ഇസ്തിരിയിടുന്നതിനും ഉള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

**13.** വാഹനത്തിന്റെ ഇരുവശങ്ങളിലും ഗ്ലാസ്സ്/ഡിസ്പ്ലേ ഉള്ളതിനാൽ സുരക്ഷിതമായി പാർക്ക് ചെയ്യുവാനുള്ള ഇടം ആവശ്യമാണ്.

നമുക്ക് വാഹനത്തിന്റെ മെയിന്റനൻസിനും റിപ്പയറിനുമായി ദിവസവും 3,000/– രൂപ നീക്കി വയ്ക്കേണ്ടതുണ്ട്. ദയവായി ഇക്കാര്യത്തിൽ സഹകരിക്കുക. ഇതു കൂടാതെ വരുന്ന ഡീസൽ ചെലവുകൾ നിങ്ങൾക്ക് നോക്കി മനസിലാക്കി ചെയ്യാൻ കഴിയും. മേൽ പറഞ്ഞ തുക നമ്മുടെ മുൻകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ നമ്മൾ നിശ്ചയിച്ച്താണ്. മധുബനിൽ നിന്നും, ഡോ. ബനാറസി ഭായി പറയുന്നു... ‘‘എന്ത് സംഭവിച്ചാലും അത് സേവനമാണ്.’’

**ആശംസകളോടെ,**
**ബി. കെ ബീന,**
**ചെന്നൈ.**